# സാന്തോം മെസഞ്ചർ

# SANTHOME MESSENGER

St. Thomas Forane Church - Parish Bulletin

Vol. 42 | Issue 07 | November 2016







# Chavara Matrimony.com

**CMI വൈദികർ നേതൃത്വം നൽകുന്നു**

ഫാ. റോബി കണ്ണൻചിറ സി.എം.ഐ
ഡയറക്ടർ

ജോൺസൺ സി. എബ്രഹാം
എക്സിക്യൂട്ടീവ് ഡയറക്ടർ

## Chavara Family Welfare Centre

St.Thomas Shopping Complex, C/o St.Thomas Forane Church, Christ School Road

Bangalore ✆ 080 41202698

**H.O Chavara Cultural Centre, Kochi, Kerala**

21 Branches in Kerala, Karnataka & Delhi

# സാന്തോം മെസഞ്ചർ

**St. Thomas Forane Church - Parish Bulletin**

**SANTHOME MESSENGER**

Vol: 42 / Issue: 7 / November 2016



## EDITORIAL BOARD

**Printed & Published by**

**Rev. Dr. Thomas Kallukalam CMI**
Vicar, St. Thomas Forane Church
Mob : 7829792320

**Chief Editor**

**Fr. Justin Manninezhath CMI**
Asst. Vicar
Mob : 9916190495
E-mail : justinmanninezhathcmi@gmail.com

**Associate Editor**

**Fr. Benny Tharakunnel CMI**
Asst. Vicar
Mob : 9480732249
E-mail : bennytharakunnel@gmail.com

**Editorial Board**

Dr. Bino Kalarikkal
Mrs. Sweetha Mary Reji

**Layout Design & Printing**

**Matha Printers**
Tel : 2684 5565, 9886809060
E-mail : mathaprints@gmail.com






www.stthomasforanechurch.org
stthomasforanechurch@gmail.com


## അകത്തളം


| | |
|---|---|
| ഇടയ സന്ദേശം | 2 |
| Shepherd's Message | 4 |
| Musings from the Editor | 6 |
| ട്രസ്റ്റിമാർ സംസാരിക്കുന്നു | 7 |
| ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ | 8 |
| സമരസഭയും സഹനസഭയും | 9 |
| ഗ്രൂപ്പ് ഇൻഷുറൻസ്... | 10 |
| കാരുണ്യവർഷം സമാപിച്ചു.... | 12 |
| THANAL - A Shade for the Poor | 13 |
| ഇടവകയിലെ സന്ന്യാസ സമൂഹങ്ങൾ | 15 |
| ഇടവക വാർത്തകൾ | 16 |
| എഫാത്ത ബൈബിൾ ക്വിസ്സ് | 22 |




**സാന്തോം മെസഞ്ചറിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 2016 ഡിസംബർ 10-ന് മുമ്പായി പാരീഷ് ഓഫിസിൽ ഏൽപ്പിക്കുക.**


Email : stthomasforanechurch@gmail.com
Mob : **9916190495**

# ഇടയനാദം



ഈശോമിശിഹായിൽ പ്രിയപ്പെട്ടവരെ,

നമ്മുടെ ഇടവകദേവാലയത്തിന്റെ സമീപത്ത് സജീവമായി പ്രവർത്തിക്കുന്ന Renewal Retreat Centre (RRC) യിൽ നടന്നുവന്നിരുന്ന സീറോ മലബാർ തിരുക്കർമ്മങ്ങളെപ്പറ്റി നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി കരിയിൽ നൽകിയ നിർദ്ദേശങ്ങൾ RRC യിൽ പരാമർശിക്കപ്പെടുകയുണ്ടായതായി അറിഞ്ഞു. നമ്മുടെ ഇടവകയിലെ അംഗങ്ങൾക്കും ഇവിടെ വിശുദ്ധ ബലിയിലും മറ്റു തിരുക്കർമ്മങ്ങളിലും സംബന്ധിക്കുന്നവർക്കും നമ്മുടെ അഭിവന്ദ്യ പിതാവ് നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനം എന്താണെന്ന് അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് തെറ്റിദ്ധാരണകൾ ഇല്ലാതാക്കാൻ സഹായിക്കും.

1) 2015 ആഗസ്റ്റിൽ നിലവിലുള്ള മണ്ഡ്യ സീറോ മലബാർ രൂപത ബാംഗ്ലൂരിലുള്ള സീറോ മലബാർ സഭാംഗങ്ങളെ ഉൾപ്പെടുത്തി വികസിപ്പിച്ചപ്പോൾ, അപ്പസ്തോലിക് വിസിറ്റേറ്റർ ആയ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പിന് നൽകിയ ലിസ്റ്റിൽ പുതിയ രൂപതയിൽ ഉൾപ്പെടുന്ന സീറോ മലബാർ സ്ഥാപനങ്ങളുടെ കൂടെ RRC ധ്യാനകേന്ദ്രത്തിന്റെ പേരുമുണ്ടായിരുന്നു. അഭിവന്ദ്യ തട്ടിൽ പിതാവ് നൽകിയ ഈ ലിസ്റ്റ് മേജർ ആർച്ച് ബിഷപ്പ് ബാംഗ്ലൂർ ആർച്ച് ബിഷപ്പിന് അയച്ചു കൊടുത്ത് അഭിപ്രായമാരാഞ്ഞു. അഭിവന്ദ്യ ബാംഗ്ലൂർ ആർച്ച് ബിഷപ്പ് ഈ ലിസ്റ്റ് എല്ലാ സ്ഥാപനങ്ങളിലേക്കും അയച്ചുകൊടുത്ത് ഓരോ സ്ഥാപനങ്ങളുടെയും സന്യാസസഭകളുടെയും അഭിപ്രായമാരാഞ്ഞു. ഈയവസരത്തിൽ RRC ധ്യാനകേന്ദ്രം നടത്തുന്നത് സീറോ മലബാർ സഭയിലെ Religious Congregation ആയ CST സന്യാസ സഭയാണെങ്കിലും, ധ്യാനകേന്ദ്രം ബാംഗ്ലൂർ അതിരൂപതയിൽ ചേർന്ന് നിൽക്കുവാനുള്ള താത്പര്യം ബാംഗ്ലൂർ ആർച്ച് ബിഷപ്പിനെ അറിയിച്ചു. അതനുസരിച്ച് ബാംഗ്ലൂർ അതിരൂപതാദ്ധ്യക്ഷൻ മണ്ഡ്യ രൂപതാദ്ധ്യക്ഷനെ വിവരമറിയിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം ആരാഞ്ഞു. സീറോ മലബാർ സഭയിലെ ഒരു സന്യാസസഭയുടെ സ്ഥാപനം ലത്തീൻ അതിരൂപതയിൽ ചേരുന്നതിനുള്ള അനുവാദം തനിക്ക് നൽകുവാൻ സാധിക്കുമോ എന്നറിയില്ലെന്നും, ബന്ധപ്പെട്ട അധികാരികളുമായി ചർച്ചകൾ നടത്തിയതിനുശേഷം തന്റെ അഭിപ്രായം പറയാമെന്ന് നമ്മുടെ രൂപതാദ്ധ്യക്ഷൻ ബാംഗ്ലൂർ ആർച്ച് ബിഷപ്പിനെ അറിയിക്കുകയുണ്ടായി.

2) ഇതനുസരിച്ച് നമ്മുടെ അഭിവന്ദ്യപിതാവ്, മേജർ ആർച്ച് ബിഷപ്പ്, സീറോ മലബാർ സഭയിലെ മറ്റു പിതാക്കന്മാർ എന്നിവരുമായി ആലോചിച്ചതിനുശേഷം, വിവരം ഇന്ത്യയിലുള്ള വത്തിക്കാൻ Nuncio യെ അറിയിക്കുകയും, അദ്ദേഹം റോമിലുള്ള ഓറിയന്റൽ കോൺഗ്രിഗേഷനിലേക്ക് എഴുതുകയുമുണ്ടായി. അവിടെനിന്നുള്ള മറുപടിയിൽ സീറോ മലബാർ സഭയിൽപ്പെട്ട ഒരു സ്ഥാപനം ലത്തീൻ അതിരൂപതയിൽ ചേരണമെന്നുണ്ടെങ്കിൽ, ആ സന്യാസസഭയുടെ മേജർ സുപ്പീരിയർ കാര്യകാരണസഹിതം റോമിലേക്ക് അപേക്ഷ വയ്ക്കണമെന്ന് ആവശ്യപ്പെട്ടു. ഇതനുസരിച്ച് RRC ധ്യാനകേന്ദ്രത്തിന്റെ മേജർ സുപ്പീരിയർ തങ്ങളുടെ ധ്യാനകേന്ദ്രത്തിൽ ഭാഗികമായി മലയാളത്തിൽ നടത്തുന്ന സീറോ മലബാർ തിരുക്കർമ്മങ്ങൾ ഒഴിച്ച് ബാക്കി എല്ലാ ഭാഷകളിലും നടത്തുന്ന ശുശ്രൂഷകൾ ലത്തീൻ റീത്തിലാണെന്നും അതുകൊണ്ട് RRC ധ്യാനകേന്ദ്രം ബാംഗ്ലൂർ ലത്തീൻ അതിരൂപതയിൽ നിൽക്കുവാൻ അനുവദിക്കണമെന്നും അപേക്ഷിച്ചു. ഈ അപേക്ഷ റോം അംഗീകരിച്ച് ലത്തീൻ അതിരൂപതയിൽ ചേരുവാൻ അനുവദിച്ചു. പക്ഷേ ഇനിമുതൽ സീറോ മലബാർ റീത്തിലുള്ള തിരുകർമ്മങ്ങൾ നടത്തുവാൻ സ്ഥലത്തെ സീറോ മലബാർ രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ ആന്റണി കരിയിൽ പിതാവിന്റെ രേഖാമൂലമായ അനുവാദം ആവശ്യമാണെന്ന് അറിയിക്കുകയും ചെയ്തു.

3) ഇതിന്റെ വെളിച്ചത്തിൽ RRC ധ്യാനകേന്ദ്രം സീറോ മലബാർ റീത്തിലുള്ള കുർബാന ഞായറാഴ്ചകളിലും മറ്റു ദിവസങ്ങളിലും അർപ്പിക്കുവാനുള്ള അനുവാദം നമ്മുടെ രൂപതാദ്ധ്യക്ഷനോട്

ചോദിച്ചു. നമ്മുടെ പിതാവ് ഇതിന് ഉത്തരം നൽകുവാനായി സീറോ മലബാർ സഭ ധ്യാനകേന്ദ്രങ്ങൾക്കും ധ്യാനടീമുകൾക്കുമായി 2015 ൽ പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ ആശ്രയിച്ചു. അവ ഇപ്രകാരമാണ്:

1) ധ്യാനത്തിന്റെ ഭാഗമായല്ലാതെ പൊതുജനങ്ങളെ ലക്ഷ്യമാക്കി ധ്യാനകേന്ദ്രങ്ങളിൽ ഞായറാഴ്ച കുർബ്ബാന പതിവായി അർപ്പിക്കുന്നതിന് രൂപതാദ്ധ്യക്ഷന്റെ രേഖാമൂലമുള്ള അനുവാദം വാങ്ങേണ്ടതാണ്.

2) ഇടവക ജീവിതത്തിന്റെ കേന്ദ്രമായ ഞായറാഴ്ചയാചരണത്തിന് തടസ്സം സൃഷ്ടിക്കുന്ന യാതൊരു പരിപാടികളും ധ്യാനകേന്ദ്രങ്ങളോടനുബന്ധിച്ച് ഉണ്ടാകരുത്. ഉദാ. മാമ്മോദീസ, ആദ്യകുർബാന സ്വീകരണം, ശനിയാഴ്ച രാത്രികളിലെ ജാഗരണ പ്രാർത്ഥന... തുടങ്ങിയവ.

3) ധ്യാനകേന്ദ്രങ്ങളിൽ തിരുന്നാൾ, നൊവേനകൾ, നേർച്ച തുടങ്ങിയവ അതത് രൂപതാകേന്ദ്രങ്ങളിൽനിന്നുള്ള അനുവാദത്തോടുകൂടി മാത്രമേ നടത്താവൂ.

4) സീറോ മലബാർ സഭയുടെ കീഴിലുള്ള ധ്യാനകേന്ദ്രങ്ങളിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലിയും മറ്റ് പ്രാർത്ഥനാശുശ്രൂഷകളും സഭയുടെ നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി മാത്രം നടത്താൻ ശ്രദ്ധിക്കണം. (Ref. p. 28)

5) സീറോമലബാർ സഭയുടെ സിനഡിന്റെ ഈ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ, RRC ധ്യാനകേന്ദ്രത്തിലെ ഞായറാഴ്ചകളിലെയും ക്രിസ്മസ് മറ്റ് കടമുള്ള ദിവസങ്ങളിലെയും വിശുദ്ധവാരത്തിലെയും സീറോമലബാർ റീത്തിലുള്ള തിരുക്കർമ്മങ്ങൾ സിനഡ് നിർദ്ദേശങ്ങൾക്ക് വിരുദ്ധവും തൊട്ടടുത്തുള്ള സീറോമലബാർ ഇടവകയായ സെന്റ് തോമസ് ഫൊറോനാദേവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് സമാന്തരവും ആയിത്തീരുന്നതുകൊണ്ടും സീറോമലബാർ സഭയിലെ മറ്റ് പിതാക്കന്മാരോട് ആലോചിച്ചുകൊണ്ടും RRC ധ്യാനകേന്ദ്രത്തിൽ സീറോ മലബാർ സഭയുടെ തിരുക്കർമ്മങ്ങൾ നടത്തുവാൻ അനുവാദം നൽകിയില്ല. ധ്യാനകേന്ദ്രത്തിന്റെ രൂപതാസംവിധാനത്തോട് ചേർന്നുള്ള എല്ലാ പ്രവർത്തനങ്ങൾക്കും നമ്മുടെ എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും ഉണ്ടായിരിക്കുകയും ചെയ്യും.

യേശുക്രിസ്തുവാണ് സഭയെ സ്ഥാപിച്ചത്. ക്രിസ്തു തന്റെ കൃപകൾ സഭയിലൂടെ നൽകുന്നു. സഭാ മാതാവിനോട് ചേർന്ന് പൂർണ്ണമായി അനുസരിച്ച് മുന്നോട്ടുപോകുമ്പോഴാണല്ലോ നമുക്ക് ദൈവഹിതം നിറവേറ്റാനാകുന്നത്. നല്ല കാര്യങ്ങൾ ചെയ്യാൻ മാത്രമല്ല, അത് ദൈവഹിതത്തിന് വിധേയമായി നിറവേറ്റാനാണ് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ഇടവകയിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന യുവജനങ്ങളുടെയും ഇടവകാംഗങ്ങളുടെയും, 12–ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിശ്വാസപരിശീലനവും, യുവദമ്പതിമാരുടെയും, മുതിർന്ന പൗരന്മാരുടെയും വിശ്വാസപരിശീലവും ഇടവകയുടെ ഉത്തരവാദിത്വമാണ്. അതുകൊണ്ട് സഭയുടെ നിർദ്ദേശപ്രകാരം ഞായറാഴ്ചകളിലും കടമുള്ള എല്ലാ ദിവസങ്ങളിലും നാമെല്ലാവരും നിർബന്ധമായും ഇടവകദേവാലയത്തിലാണ് വിശുദ്ധ ബലിയിലും മറ്റു തിരുക്കർമ്മങ്ങളിലും സംബന്ധിക്കേണ്ടത്. ഇടവക ദേവാലയം വലിയ കുടുംബമാണ്. അതുകൊണ്ട് കുടുംബാഗങ്ങളെല്ലാവരും ഒരുമിച്ചു വന്ന് ദൈവത്തിന് ബലി അർപ്പിക്കുകയും, ഈ കുടുംബത്തിന്റെ സന്തോഷത്തിലും ദുഃഖത്തിലും പങ്ക് പറ്റുകയും ദൈവം നമുക്ക് നൽകിയിരിക്കുന്ന എല്ലാ ദാനങ്ങളും ഈ കുടുംബത്തിന്റെ വളർച്ചയ്ക്കായി പങ്ക് വയ്ക്കുകയും ചെയ്യണം. പ്രത്യേകിച്ച് വേദനിക്കുന്ന എല്ലാ സഹോദരങ്ങളെയും വളർത്തുവാനുള്ള നമ്മുടെ ഗൗരവമായ കടമ ഞാൻ ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. നിങ്ങളുടെ സ്നേഹത്തിനും, സഹകരണത്തിനും, പ്രാർത്ഥനയ്ക്കും നന്ദി. തെറ്റിദ്ധാരണകൾ ഇല്ലാതെ നമുക്ക് ദൈവഹിതം നിറവേറ്റാം.

സസ്നേഹം,

**ഫാ. തോമസ് കല്ലുകളം സി.എം.ഐ.**

വികാരിയച്ചൻ

# Shepherd's Message



Dearly beloved in Christ Jesus,

Recently, the directives specified by the Bishop of Mandya Diocese, Mar Antony Kariyil, with regard to the liturgical celebration of the Syro-Malabar rite in RRC, were alluded to at the Renewal Renewal Retreat centre (RRC), situated near our parish church. I wish to inform our parishioners, and others who participate in the liturgical celebrations in our parish, about the basis for the Bishop's directions. This is in order to remove misconceptions of any kind.

In August 2015, the Diocese of Mandya was extended to include the Syro-Malabar faithful in Bangalore. Thereafter, the Apostolic Visitator, Mar Raphael Thattil presented a list of the institutions included in the new diocese to the Major Archbishop of the Syro-Malabar church, in which RRC, too, was included. This was then sent by the Major Archbishop to the Archbishop of Bangalore to seek his impression on the matter. The Archbishop of Bangalore then forwarded this list to all institutions and sought the perspective of each institution and religious congregation. Even though RRC is run by the CST congregation, which belongs to the Syro-Malabar Church, the retreat center conveyed its desire to the Archbishop of Bangalore to remain affiliated to the Bangalore Latin Archdiocese. Following this, the Archbishop informed the Bishop of Mandya about this request and sought his impression. Consequently, our bishop informed the Archbishop that according to his knowledge he was entitled to grant permission to an institution run by a Syro-Malabar religious congregation to join the Latin Church of the diocese. He proposed to consult appropriate authorities and then put forward his view.

Thereafter, our bishop consulted the Major Archbishop, discussed the matter with other bishops of the Syro-Malabar church and thereafter, informed the Apostolic Nuncio to India about this issue. He then wrote to the Congregation of Oriental Churches at the Vatican seeking their counsel. Their response stated that in the circumstance that an institution belonging to the Syro-Malabar Church wants to be affiliated to the Latin Church, the major superior of that religious congregation should send in an application for the same stating the valid reasons to Rome. Based on this, the major superior of RRC responded that excluding some liturgical celebrations of the Syro-Malabar rite conducted in Malayalam, all liturgy in other languages was based on the Latin rite. As a result, he requested that the RRC retreat center be allowed to remain in the Bangalore Latin Archdiocese. This request was accepted and they were given permission to join the Latin archdiocese. Furthermore, it was also stated that henceforth, written permission from the Bishop of the Syro-Malabar diocese of the area was necessary to conduct any liturgical celebrations in the Syro-Malabar rite at RRC.

In the light of this directive, RRC sought permission from our bishop to conduct Holy Mass on Sundays and other days in the Syro-Malabar rite. Our Bishop relied on the directives

released by the Syro-Malabar Synad in 2015 pertaining to retreatcentersto take a decision. They are as follows:

1. Unless as part of a retreat, regular Holy Mass on Sundays can be conducted for the general public at retreat centers, only with written permission from the Bishop.

2. Eucharistic celebration on Sundays is the heart of parish life and no program which hinders this should be held in association with any retreat centers. Example: Baptism, First Holy Communion, Saturday night vigil, etc.

3. Feasts, Novenas and Offerings etc. can be held at retreat centers only after permission is granted from the respective diocesan authority.

4. It is imperative that the Holy mass and other prayer services held in retreat centers under the Syro-Malabar church, be in line with the rules and regulations prescribed by the Diocese. (Ref. p.28)

5. In the light of these directives, liturgical celebrations in the Syro-Malabar rite for Sundays and other days of obligation held at RRC were contrary to the Synod directives and moreover, they are parallel to the liturgical celebrations held at the nearby Syro-Malabar parish of St. Thomas Forane Church. Hence, after due deliberation with Bishops of the Syro-Malabar Church, permission to conduct liturgical celebrations in the Syro-Malabar rite at RRC was denied. Nevertheless, all pursuits at the retreat center, in accordance with the directives of the diocese, will continue to have our support and prayers.

It is Jesus Christ who constituted the Church. It is through the Church that He gives us His grace. We are able to fulfill God's will only when we remain rooted in and attached to the Holy Catholic Church. We may do a lot of good things, but it is when we do these is accordance with God's will that these actions become meaningful. The faith formation of all members registered in our parish, the catechism instruction for children up to grade 12, the spiritual formation of our youth, young couples and senior members, are all the responsibility of the parish. Thus, in concurrence with the guidelines of the Church, it is imperative that we take part in the Eucharistic celebration on Sundays and other days of obligation in our parish church, itself. The parish church is one family. All members of this family should gather together to celebrate the Eucharist, to share in the gladness and sadness of the parish, and share the gifts God has given us to further the growth of this parish family. I would like to, once again, remind you of the solemn obligation we have towards helping our brethren who are in distress or pain. I remain always grateful for your cooperation, love and prayers. Let us clear all misconceptions and move forward to fulfill God's will alone.

**Fr. Thomas Kallukalam CMI**
Forane Vicar

# Musings from the Editor



Dearly Beloved in Christ Jesus,

The extraordinary Jubilee Year of Mercy has come to an end. Yet, even though the 'Door of Mercy' has been closed, the true door of mercy, the heart of Jesus Christ, is always open for us.

Iranian woman Samereh Alinejad says that "retribution had been her only thought" after her teenage son was murdered. But, moments before the killer was to be executed, Alinejad made a last-minute decision to pardon the man. Steven McDonald was a young police officer in 1986 when he was shot by a teenager, an incident that left him paralyzed. "I forgave the shooter because I believe the only thing worse than receiving a bullet in my spine would have been to nurture revenge in my heart."



Samereh and Steven were merciful. We need not do great things, but every little thing that we do, let's add to it a lot of love and compassion and wrap it in mercy...just as the Father commanded. 'Manna' an initiative started in our parish, was able to provide meals to 50 needy and ill people in the beginning. It has now increased to 150, thanks to your support. Yet, we need more people to be part of this venture….so, let's join hands and pass on His mercy!!

Rather than just hearing the Word, do something about it. Be patient with those who irritate you, help anyone who is hurting, give people a second chance, build bridges of love to the lost, least and the last. God is pleased by every act of mercy, because in the brother or sister that we assist, we recognize the face of God which no one can see.

May God give each of you the courage to be merciful, the strength to step out in faith and do little acts of love that point others to the merciful Lord.

May Christ the King reign in your hearts , 'cause our heart is His rightful throne.

Yours in our Lord,

**Fr. Justin Manninezhath CMI**
Asst. Vicar

**ക്രിസ്തുമസ്സിനോടനുബന്ധിച്ച് സാന്തോം മെസഞ്ചർ ഒരുക്കുന്ന**

**ലേഖനമത്സരവും കവർപേജ് ഡിസൈൻ മത്സരവും**

**വിഷയം: ''ക്രിസ്തുമസ്സ് എന്റെ അനുഭവത്തിൽ''**

(രണ്ട് A4 പേജിൽ കവിയരുത്)

കവർപേജ് മത്സരം: മൾട്ടികളർ, 24 (height) x 18 (width) CM

നിങ്ങളുടെ സൃഷ്ടികൾ 2016 ഡിസംബർ 4ന് മുമ്പ് പാരീഷ് ഓഫീൽ എത്തിക്കുക.

**തിരഞ്ഞെടുക്കപ്പെടുന്ന ലേഖനങ്ങൾ സാന്തോം മെസഞ്ചർ ക്രിസ്തുമസ്സ് എഡിഷനിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. കൂടാതെ വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങളും!!**










''നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ'' (ലൂക്കാ 6:38). കരുണയുടെ ഈ മഹാജൂബിലി വർഷാഘോഷങ്ങൾ കെങ്കേമമാക്കുമ്പോൾ നമുക്കു ഒന്നു ചിന്തിക്കാം.... ക്രിസ്തുവാകുന്ന കരുണാസാഗരത്തിലേയ്ക്ക് എത്രപേരേ എന്റെ ജീവിതം കൊണ്ടും പ്രവൃത്തികൾകൊണ്ടും ഞാൻ ആകർഷിച്ചു. സഹായത്തിനായി കേഴുന്ന പാവപ്പെട്ടവന്റെ നിലവിളിക്ക് ഞാൻ എങ്ങനെ പ്രത്യുത്തരിച്ചു. ക്രിസ്തുവിന്റെ കരുണയിലൂടെ ലോകത്തെ നവീകരിക്കാനുള്ള മാർപ്പാപ്പയുടെ ആഹ്വാനത്തെ ഹൃദയത്തിൽ സ്വീകരിച്ച് കരുണയുടെ വക്താക്കളാകുവാൻ ക്രിസ്തുരാജന്റെ തിരുനാൾ ദിനം നമുക്കു പ്രതിജ്ഞാബദ്ധരാകാം.

''ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'' നിത്യ ജീവന്റെ ഉറവിടമായ ക്രിസ്തുവിൽ തങ്ങളുടെ ആത്മാവിനെ സമർപ്പിച്ച എല്ലാ മരിച്ച വിശ്വാസികളെയും കർത്താവിന്റെ കരുണയിൽ സമർപ്പിച്ച് നമുക്കു പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,

**ട്രസ്റ്റിമാർ**

## POPE'S VOICE



God never gives someone a gift they are not capable of receiving. If he gives us the gift of Christmas, it is because we all have the ability to understand and receive it.

***

The confessional is not a torture chamber, but the place in which the Lord's mercy motivates us to do better.

# ക്രിസ്തുവിന്റെ രാജത്വത്തിരുന്നാൾ

**Sr. Shibi DCPB, Precious Blood Convent**



രാജത്വം ഇന്നും എന്നും പരമാധികാരത്തിന്റെ പ്രതീകമാണ്. ക്രിസ്തുവിൽ നിന്ന് വഴിമാറിക്കൊണ്ടിരിക്കുന്ന വ്യക്തികളും, കുടുംബങ്ങളും, സമൂഹങ്ങളും, രാജ്യങ്ങളും ക്രിസ്തുവിന്റെ രാജത്വം അംഗീകരിക്കേണ്ട ആവശ്യകത അനുസ്മരിക്കാനാണ് 1952-ൽ 11-ാം പീയൂസ് മാർപ്പാപ്പ ഈ തിരുന്നാൾ സ്ഥാപിച്ചത്. ഇത് തിരുസഭയിൽ ആഘോഷിക്കുന്നത് ഒക്ടോബർ മാസത്തിലെ അവസാന ഞായറാഴ്ചയാണ് ലോകം മുഴുവന്റെയും പരമാധികാരം ക്രിസ്തു തന്നെയാണെന്ന് നമ്മൾ ഉറക്കെ പ്രഖ്യാപിക്കുന്ന ദിനം കൂടിയാണിത്.



ക്രിസ്തുവിന്റെ രാജത്വം പഴയനിയമത്തിലും പുതിയ നിയമത്തിലും പ്രഘോഷിച്ചിട്ടുണ്ട്. ''ഏശയ്യാ പ്രവാചകൻ നമുക്കുവേണ്ടി ഒരു പുത്രൻ പിറന്നിരിക്കുന്നു. ശക്തനായ ദൈവം, നിത്യനായ പിതാവ് സമാധാനരാജൻ എന്നിങ്ങനെ അവൻ വിളിക്കപ്പെടും'' (ഏശ. 9:6) ഗബ്രിയേൽ ദൈവദൂതൻ മംഗളവാർത്ത അരുളിയപ്പോൾ പറഞ്ഞു. ''യാക്കോബിന്റെ ഗോത്രത്തിൽ അവിടുന്ന് എന്നേയ്ക്കും രാജാവായി വാഴും. അവിടുത്തെ രാജ്യത്തിന് അന്ത്യമില്ലായിരിക്കും.'' (ലൂക്കാ 1:32-35). ''താങ്കൾ ഒരു രാജാവു തന്നെയോ'' എന്ന് പീലാത്തോസ് ഈശോയോട് ചോദിച്ചപ്പോൾ ഈശോ ഉത്തരമരുളി ഞാൻ രാജാവാണെന്ന് താങ്കൾ തന്നെ പറഞ്ഞു കഴിഞ്ഞു. എന്നാൽ എന്റെ രാജ്യം ഐഹീകമല്ല (യോഹ. 18:36-37). അവിടുത്തെ രാജ്യം സത്യത്തിന്റെയും, ജീവന്റെയും, വിശുദ്ധിയുടെയും, കൃപാവരത്തിന്റെയും, നീതിയുടെയും, സ്നേഹത്തിന്റെയും, സമാധാനത്തിന്റെയും രാജ്യമാണ്. സത്യത്തിനും നീതിയ്ക്കുംവേണ്ടി നിലകൊള്ളുന്ന ഒരു സ്വർഗ്ഗീയ രാജാവിന്റെ യഥാർത്ഥ മുഖമാണ് നാം ക്രിസ്തുവിൽ കാണുന്നത്.

സ്വന്തം ജീവൻ പോലും നമുക്കായി നൽകിക്കൊണ്ട് നമുക്കായി മരിച്ച യേശുവിനെ നമ്മുടെ രാജാവായി പ്രഖ്യാപിക്കാം. ക്രിസ്തുവിന്റെ രാജത്വം അംഗീകരിക്കുന്ന ഓരോ വിശ്വാസിക്കും ക്രിസ്തുവിശ്വാസം, സധൈര്യം പ്രഘോഷിക്കുന്നതിനുള്ള ആത്മധൈര്യം നേടിത്തരുന്നു. ഇന്നും യേശുവിനും, യേശുവിന്റെ വചനങ്ങൾക്കുമായി പീഡിപ്പിക്കപ്പെടുകയും, മരിക്കുവാൻപോലും തയ്യാറാകുന്ന വ്യക്തികളെ നമുക്കു കാണാൻ സാധിക്കും. അവർക്ക് ഇതെല്ലാം സഹിക്കുവാനുള്ള ആത്മധൈര്യം നേടിക്കൊടുക്കുന്നത് അവിടുത്തെ വചനങ്ങളും യേശുവിലുള്ള അടിയുറച്ച വിശ്വാസവുമാണ്. ഈ രാജത്വത്തിരുനാളിൽ ക്രിസ്തുവിനായി മരിക്കുകയും പീഢകൾ സഹിക്കുകയും ചെയ്യുന്ന എല്ലാ വിശ്വാസികളെയും സമർപ്പിച്ച് പ്രാർത്ഥിക്കാം.

ക്രിസ്തുവിനെ ദൈവവും രാജാവുമായി ഏറ്റുപറയുന്ന ഒരു കുടുംബവും രാജ്യവും ഒരിക്കലും നശിപ്പിക്കപ്പെടുകയില്ല. രാജാക്കന്മാരുടെ പുസ്തകത്തിൽ നാം കാണുന്നതുപോലെ സോളമൻ ഈജിപ്തിലെ രാജാവായതിനുശേഷം ദൈവം അദ്ദേഹത്തോടു 'നിനക്ക് എന്തുവേണമെന്ന്' ചോദിക്കുന്നു. അതിനു സോളമന്റെ മറുപടി ദീർഘായുസ്സോ, സമ്പത്തോ, ശത്രുസംഹാരമോ അല്ല, മറിച്ച് നന്മയും തിന്മയും തിരിച്ചറിഞ്ഞ് ദൈവത്തിന്റെ ജനത്തെ ഭരിക്കാൻ പോരുന്ന വിവേകം മാത്രമാണ് അവിടുന്ന് ആവശ്യപ്പെട്ടത്. സോളമന്റെ ഈ അപേക്ഷ കർത്താവിനു പ്രീതികരമായി. അവിടുന്ന് സോളമന് ജ്ഞാനവും വിവേകവും കൊടുത്തു. അതുകൂടാതെ തന്നെ അദ്ദേഹം ചോദിക്കാത്ത സമ്പത്തും മഹത്വവും ദീർഘായുസ്സും അവിടുന്ന് അദ്ദേഹത്തിനു നൽകി അനുഗ്രഹിച്ചു (1 രാജാ. 7-15).

ഈ തിരുനാൾ ആഘോഷിക്കുമ്പോൾ ക്രിസ്തു നമ്മുടെ ഹൃദയങ്ങളുടെയും കുടുംബങ്ങളുടെയും ലോകം മുഴുവന്റെയും രാജാവായി ഭരണം ഏറ്റെടുക്കുവാനായി നമുക്കു വിട്ടുകൊടുക്കാം.

# സമര സഭയും സഹന സഭയും

ലിസി പോൾ



''മരണം വരുമൊരുനാൾ ഓർക്കുക മർത്യാ നീ
കൂടെ പോരും നിൻ ജീവിത ചെയ്തികളും
സൽകൃത്യങ്ങൾ ചെയ്യുക നീ
അലസത കൂടാതെ''.

നവംബർ മാസം, സഭ നമ്മുടെ ഇടയിൽ നിന്നും മരിച്ചു പോയവരെ പ്രത്യേകമായി സ്മരിക്കുന്ന മാസമാണ്. നാം ഓരോരുത്തർക്കും പ്രാർത്ഥന വഴിയും ഉപവാസം വഴിയും മറ്റു നന്മ പ്രവൃത്തികൾ വഴിയും ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കളുടെ യാതനകളിൽ അവർക്ക് ആശ്വാസം പകരുവാൻ സാധിക്കും. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാന സത്യങ്ങൾ ഉൾക്കൊള്ളുന്ന ''വിശ്വാസ പ്രമാണം'' എന്ന പ്രാർത്ഥനയിൽ പുണ്യാവാന്മാരുടെ സഹവാസത്തെക്കുറിച്ചുള്ള പ്രതിപാദനമുണ്ട്. ഇതിന്റെ അർത്ഥം ഭൂമിയിലുള്ള വിശ്വാസികളും സ്വർഗ്ഗത്തിലെ വിശുദ്ധരും ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കളും ശിരസ്സാകുന്ന ക്രിസ്തുനാഥന്റെ ഏക മൗതിക ശരീരമാണ് എന്നത്രെ. സ്വർഗ്ഗത്തിലെ നിവാസികൾ വിജയസഭയും ഭൂമിയിലെ നിവാസികൾ സമരസഭയും ശുദ്ധീകരണ സ്ഥലത്തെ നിവാസികൾ സഹനസഭയുമാകുന്നു. ഇവ മൂന്നും ചേർന്ന് ഒരു കുടുംബവും സഭയിലെ അനുഗ്രഹഭണ്ഡാരത്തിലെ സ്വീകർത്താക്കളുമായിത്തീരുന്നു. പ്രാർത്ഥന വഴി ഇവർ പരസ്പരം സഹായിക്കുന്നു.



ഭൂമിയിലെ ആത്മാക്കൾ സമരസഭയിൽ വിജയിച്ചാൽ ദൈവത്തിന്റെ വലതു ഭാഗത്തിരിക്കുവാൻ സാധിക്കും. അതുകൊണ്ട് ഭൂമിയിലെ ആത്മാക്കളായ നാം ഓരോരുത്തരും സമരസഭയിൽ വിജയിക്കുവാൻ പരിശ്രമിക്കുകയും ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരെ സ്വർഗ്ഗത്തിലേയ്ക്ക് എത്തിക്കുകയും ചെയ്യണം.

നമ്മുടെ ജീവിതമാകുന്ന സമരസഭയിൽ വിജയിക്കണമെങ്കിൽ നാം ഈശോയോടു ചേർന്ന് നിൽക്കണം. അതിന് ഏറ്റവും മഹത്തായ പ്രാർത്ഥനയാണ് ദിവ്യബലി. നാം ദിവസവും ദിവ്യബലിയിൽ വിശുദ്ധിയോടുകൂടി സംബന്ധിക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും വേണം. വിശുദ്ധിയോടുകൂടി കുർബ്ബാന സ്വീകരിച്ചു കഴിയുമ്പോൾ നമ്മിൽ പരിവർത്തനം സംഭവിക്കുകയും കർത്താവിനുവേണ്ടി നല്ല ഫലങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കുകയും ചെയ്യും.

മരണം പ്രതീക്ഷിച്ച് വേദന സഹിച്ചു കിടക്കുന്നവരുടെ അടുത്തേയ്ക്ക് ചെല്ലുവാനും അവർക്കു വേണ്ടി ദൈവകാരുണ്യ പ്രാർത്ഥന നടത്തുവാനും മരണസമയത്ത് ഉണ്ടാകുന്ന പിശാചിന്റെ പരീക്ഷണങ്ങളെ ചെറുത്തുനിൽക്കുവാനുള്ള ശക്തി അവർക്ക് കിട്ടുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നതിനും നമുക്കു സാധിക്കണം. നാം നല്ല ഫലങ്ങൾ പുറപ്പെടുവിക്കുമ്പോൾ സമര സഭയിൽ വിജയിക്കുകയും സ്വർഗ്ഗം കൈവശമാക്കുവാൻ സാധിക്കുകയും ചെയ്യും.

സഹോദരങ്ങളെ, ഭൂമിയിലായിരിക്കുന്ന നാം ഓരോരുത്തരും ആത്മാക്കൾക്കായി ബലികളും പ്രാർത്ഥനകളും പരിഹാര പ്രവർത്തികളും ചെയ്തുകൊണ്ട് അവരെ നിത്യമഹത്വത്തിലേക്ക് ഉയർത്തുവാൻ സാധിക്കും. വിശുദ്ധ ബലി അർപ്പിക്കുന്ന സമയത്ത് കുറേ ആത്മാക്കൾ അൾത്താരയുടെ മുന്നിലേക്കു വരും. ശുദ്ധീകരണ സ്ഥലത്തിലെ അനുഗ്രഹീത ആത്മാക്കളാണവർ. നമ്മുടെ പ്രാർത്ഥനകൾ അവരിലേക്ക് ഉയർത്തപ്പെടുന്നത് കാത്ത് കഴിയുന്നവരാണവർ. ഇവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ നാം കൂടെകൂടെ ചൊല്ലണം. ശുദ്ധീകരണസ്ഥലം വിട്ട് നിത്യമായി ദൈവത്തോടുചേർന്ന് കഴിയുമ്പോൾ അവർ നമുക്കുവേണ്ടി മാധ്യസ്ഥ്യം അപേക്ഷിക്കും.

# ഗ്രൂപ്പ് മെഡിക്കൽ ഇൻഷൂറൻസ്

## ഒരു യഥാർത്ഥ സുഹൃത്തും സംരക്ഷണകവചവും

ഷെറിൻ. പി. ദേവസ്സി



നമ്മുടെ ഇടവകയിലെ ഗ്രൂപ്പ് മെഡിക്കൽ ഇൻഷൂറൻസ് വിജയകരമായ മൂന്നാം വർഷത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. ഇക്കാലയളവിൽ ഇടവകയിലെ ധാരാളം കുടുംബങ്ങൾ ഇതിന്റെ ഗുണഭോക്താക്കളായി മാറിക്കഴിഞ്ഞിട്ടുണ്ട്. എങ്കിൽ തന്നെയും മെഡിക്കൽ ഇൻഷൂറൻസ് ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പല കുടുംബങ്ങളും ഗൗരവപൂർവ്വം ഇനിയും ചിന്തിച്ചിട്ടില്ല എന്നതാണ് സത്യം. എന്താണ് ഗ്രൂപ്പ് മെഡിക്കൽ ഇൻഷുറൻസ്? എന്താണ് അതിന്റെ പ്രത്യേകതകൾ? എന്തിനു ഗ്രൂപ്പ് ഇൻഷൂറൻസിൽ ചേരണം? എന്ന ചോദ്യങ്ങൾക്കൊക്കെ ഈ ലേഖനം ഉത്തരം നൽകുന്നു.

### എന്താണ് ഗ്രൂപ്പ് ഇൻഷൂറൻസ്?

ഇടവകയിലെ നൂറോ അതിലധികമോ കുടുംബങ്ങൾ ചേർന്ന ഗ്രൂപ്പിനെ മെഡിക്കൽ ഇൻഷൂറൻസിലൂടെ കവർ ചെയ്യുമ്പോൾ, പിന്നീട് അവർക്ക് ആവശ്യമായി വരുന്ന ചികിൽസാ ചിലവുകൾ ഇൻഷൂറൻസ് കമ്പനി നേരിട്ട് വഹിക്കുന്ന പദ്ധതിയാണ് ഗ്രൂപ്പ് മെഡിക്കൽ ഇൻഷൂറൻസ്. വൻകിട കോർപ്പറേറ്റ് കമ്പനികളും, പ്രൊഫഷണൽ സ്ഥാപനങ്ങളും അവരുടെ ജീവനക്കാർക്ക് നൽകുന്ന ഇൻഷൂറൻസ് പരിരക്ഷ ആണ് ഏറ്റവും നല്ല ഉദാഹരണം.

### ഗ്രൂപ്പ് ഇൻഷൂറൻസിന്റെ പ്രത്യേകതകൾ

വ്യക്തിഗത ഇൻഷൂറൻസുമായി താരതമ്യം ചെയ്യുമ്പോൾ പലർക്കും അറിയാത്ത ധാരാളം പ്രത്യേകതകൾ ഗ്രൂപ്പ് മെഡിക്കൽ ഇൻഷൂറൻസിനുണ്ട്.

1. ഗ്രൂപ്പ് ഇൻഷൂറൻസിൽ ചേരുന്നതിനു പ്രായം ഒരു പ്രശ്നമേയല്ല. ഏതു പ്രായത്തിലുള്ളവരെയും ഈ ഇൻഷൂറൻസിലൂടെ കവർ ചെയ്യാവുന്നതാണ്. വ്യക്തിഗത ഇൻഷൂറൻസിൽ ഇത് സാദ്ധ്യമല്ല.
2. യാതൊരു വിധത്തിലുള്ള മെഡിക്കൽ പരിശോധനയും ഇതിനു ആവശ്യമില്ല. വ്യക്തിഗത ഇൻഷൂറൻസിന് മെഡിക്കൽ ചെക്കപ്പ് നിർബന്ധമാണ്.
3. ഗ്രൂപ്പ് മെഡിക്കൽ ഇൻഷൂറൻസിനു കാത്തിരിക്കേണ്ടതില്ല. നിലവിലുള്ള എല്ലാ രോഗങ്ങൾക്കും ആദ്യദിനം മുതൽ ഇൻഷൂറൻസ് അവകാശം ഇടാവുന്നതാണ്. വ്യക്തിഗത ഇൻഷൂറൻസിൽ 3 മുതൽ 5 കൊല്ലമോ അതിനു മുകളിലോ, മെഡിക്കൽ ചെക്കപ്പ് റിപ്പോർട്ട് അനുസരിച്ചു കാത്തിരിക്കേണ്ടതുണ്ട്. നിലവിലുള്ള ഒരു രോഗത്തിനും, രോഗാവസ്ഥയ്ക്കും വ്യക്തിഗത ഇൻഷൂറൻസിൽ അവകാശം ലഭിക്കുന്നതല്ല.
4. വ്യക്തിഗത ഇൻഷൂറൻസിനെ അപേക്ഷിച്ചു കുറഞ്ഞ പ്രീമിയം തുകയാണ് ഗ്രൂപ്പ് മെഡിക്കൽ ഇൻഷൂറൻസിന്റെ മറ്റൊരു പ്രധാന പ്രത്യേകത.
5. നമ്മുടെ ഗ്രൂപ്പിന്റെ ആവശ്യങ്ങളും പ്രത്യേകതകളും മനസ്സിലാക്കി നമുക്കായി ഇൻഷൂറൻസ് കമ്പനി പ്രത്യേകമായി രൂപം നൽകുന്ന പോളിസി ആണ് ഗ്രൂപ്പ് മെഡിക്കൽ ഇൻഷൂറൻസ്. ഗ്രൂപ്പ് ഇൻഷൂറൻസിൽ അംഗങ്ങളെ സഹായിക്കാൻ കോ-ഓർഡിനേറ്റേഴ്സ് ഉണ്ടായിരിക്കും.

### എന്തിനു ഗ്രൂപ്പ് ഇൻഷൂറൻസിൽ ചേരണം?

നമുക്കു ചുറ്റും ഒന്നു തിരിഞ്ഞു നോക്കുക. നാം കാണുന്ന 5 രോഗികളിൽ ഒരാളെങ്കിലും ക്യാൻസർപോലെയുള്ള മാരക രോഗങ്ങളുടെ ഇരയായിരിക്കും. മനുഷ്യശരീരത്തിലെ പ്രധാന ആന്തരിക അവയവങ്ങളായ ഹൃദയം, കരൾ, വൃക്ക, ശ്വാസകോശം എന്നിവയൊക്കെ രോഗം ബാധിച്ചാൽ രോഗിയുടെ കുടുംബം സാമ്പത്തികമായി തകർന്നുപോകും എന്നതു സംശയലേശ്യമന്യേ പറയാവുന്നതാണ്.

ശ്വസിക്കുന്ന വായു, കഴിക്കുന്ന ഭക്ഷണം, കുടിക്കുന്ന വെള്ളം എന്നു വേണ്ട സർവ്വം വിഷമയമായ ഒരു ലോകത്താണീ നാം ഇന്ന് ജീവിക്കുന്നത്. ഇതിനു പുറമെ, വൈവിദ്ധ്യമാർന്ന പകർച്ചവ്യാധികളുടെ നീണ്ട ഒരു നിര തന്നെയുണ്ട് നമ്മുടെ പുറകെ. ദിനംപ്രതി വർദ്ധിച്ചു വരുന്ന ചികിൽസാചിലവുകൾ സാധാരണക്കാർക്ക്

താങ്ങാവുന്നതിലും അപ്പുറത്തായി നിൽക്കുന്നു. റോഡിലേയ്ക്ക് ഇറങ്ങിയാൽ എപ്പോൾ, എങ്ങനെ, എവിടെ അപകടം സംഭവിക്കുന്നു എന്ന് പറയാനാവില്ല. പാരമ്പര്യമായി ലഭിക്കുന്ന അസുഖങ്ങൾ വേറെ. രക്തസമ്മർദ്ദം, പ്രമേഹം, കൊളസ്ട്രോൾ എന്നിങ്ങനെ ശ്രദ്ധിച്ചില്ലെങ്കിൽ മാരകമായ രോഗാവസ്ഥയിലേയ്ക്ക് മനുഷ്യരെ നയിക്കുന്ന അവസ്ഥ ഇന്ന് കുട്ടികളടക്കം എല്ലാവരിലും സർവ്വസാധാരണമായിക്കഴിഞ്ഞു. ഇതിനെല്ലാം പുറമെ ദിനംപ്രതി മാറിമറിയുന്ന ജീവിതശൈലികൾ ആരേയും, പ്രത്യേകിച്ചു കൗമാരക്കാരേയും യുവതി യുവാക്കളെയും, ഏതു സമയത്തും രോഗികളാക്കി മാറ്റുന്ന സ്ഥിതിവിശേഷമാണ് നാം കാണുന്നത്.

മേൽപ്പറഞ്ഞ കാര്യങ്ങൾ ഗൗരവപൂർവ്വം കണക്കിലെടുക്കുന്നവർക്ക് മെഡിക്കൽ ഇൻഷൂറൻസ് പരിരക്ഷ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത ഇപ്പോൾ മനസ്സിലായിക്കാണും. ഇപ്പോൾ ആരോഗ്യവാനാണ് എന്നതിലല്ല മറിച്ചു എപ്പോൾ അതിനു വ്യത്യാസം വരുന്നോ അപ്പോഴെല്ലാം മെഡിക്കൽ ഇൻഷൂറൻസ് നമുക്കു ഒരു യഥാർത്ഥ സുഹൃത്തും, കുടുംബത്തിന് ഒരു സംരക്ഷണ കവചവുമായി നിൽക്കും എന്നതിന് നമ്മുടെ ഇടവകയിൽ തന്നെ ധാരാളം ഉദാഹരണങ്ങൾ കാണാവുന്നതാണ്. കുടുംബത്തിനുവേണ്ടി ചെയ്യാവുന്ന ഏറ്റവും നല്ല ഒരു പ്രവർത്തി തന്നെയാണ് എല്ലാവരേയും മെഡിക്കൽ ഇൻഷൂറസിന്റെ പരിരക്ഷയിലേയ്ക്കു കൊണ്ടുവരിക എന്നത്.

നമ്മുടെ ഇടവകയിലെ മെഡിക്കൽ ഇൻഷൂറൻസിൽ ചേരുവാൻ ഈ ഡിസംബർ മുതൽ അവസരം ഉണ്ടായിരിക്കും എന്നു കൂടി സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തട്ടെ.

# മഹാമന്നനാം ക്രിസ്തു / പ്രജാപതി

**മാത്യു അബ്രാഹം, മൊടൂർ**
സേക്രഡ് ഹാർട്ട് വാർഡ്



ഭാരതത്തിന്റെ പുരാണങ്ങൾ ശോധിച്ചാൽ
പാരതന്ത്ര്യത്തിൻ കഥകൾ പഠിച്ചിടാം;
ഭാരതത്തിൻ മുനിവ്യാസൻ രചിച്ചൊരാ
ഭാരം മനസ്സിലേറ്റും കഥ നോക്കിടാം!

ആയിരമായിരം സംവത്സരം മുമ്പെ,
കായത്തിലേറ്റ മുറിവിനാൽ മൃതപ്പെട്ട,
തായിൽ നിന്നും വിധി വേർപെടുത്തീട്ടുള്ള,
മായം കലരാത്ത ജീവന്റെ പാഠങ്ങൾ!!

'പ്രജാപതി'യെന്നാൽ പ്രജകൾക്കു മന്നവൻ,
പ്രജകളെ ഉദ്ധരിക്കാനായി വന്നവൻ;
സ്വജനപക്ഷപാത ചിന്തയേയില്ലാതെ,
പ്രജകളെ രക്ഷിക്കാൻ മുൻകൈ എടുത്തവൻ!

ശിക്ഷിച്ചവനെയാ വൈരികൾ യൂദന്മാർ,
വൃക്ഷത്തിൻ ക്രൂശവർ നിർമ്മിച്ചു, കൊല്ലുവാൻ;
വക്ഷസ്സിനോടൊപ്പം അഞ്ചുമുറിവാലെ
ശിക്ഷിച്ചു; ക്രൂശിലവരേറ്റി മന്നനെ!!

കൈകൾ വിരിച്ചു പിടിച്ചു മരിച്ചവൻ,
കൈകളും, കാൽകളും ബന്ധിച്ചു വൈരികൾ,
ലോകത്തെ പാപിക്കു രക്ഷ നൽകീടുവാൻ,
നാകത്തു നിന്നുമിറങ്ങി പ്രജാപതി!!

ദേവനാം യേശുവിൻ ദിവ്യകൈകാലുകൾ,
ദൈവപിതാവിൻ സുതന്റെ കൈകാലുകൾ,
അവനിയെ സൃഷ്ടിച്ച കൈകളും, കാൽകളും
ഭൂവനേശ്വരന്റെ കൈകാലുകൾ തന്നല്ലോ!!

മന്നവൻ തന്നല്ലോ യേശു നാഥനവൻ
മന്നാധിമന്നൻ പിതാവു തന്നല്ലെയോ;
തന്നവനെല്ലാം നമുക്കായി ഭൂമിയിൽ,
നിന്നു നാമമക്കളായെന്നുമവനൊപ്പം!!

ശോചനീയമല്ലെ; രക്ഷയ്ക്കായ് വന്നോനെ,
പച്ചയായ് പീഡിപ്പിച്ചല്ലോ കൊലചെയ്തു;
നീചരല്ലെ ഈ മനുഷ്യക്കടുവകൾ,
പാചകം ചെയ്യാതെ പച്ചയായി തിന്നവർ!!

ജീവൻ പറിയ്ക്കുന്ന വേദനയുള്ളപ്പോൾ
നോവു മറന്നവൻ പ്രാർത്ഥിച്ചു പാപിയ്ക്കായി;
ദൈവമെ ചെയ്യുന്നതെന്തന്നറിയില്ല,
ചാവു നൽകാതെ പൊറുക്കേണം പാപിയെ''



# കരുണയുടെ വർഷം അവസാനിച്ചു;

## എന്നാൽ കാരുണ്യ പ്രവൃത്തിയുടെ വഴി തുറന്നിട്ടിരിക്കുന്നു...

**തോമസ് മൈലാടൂർ**



കരുണയെപ്പറ്റി വി. ഗ്രന്ഥത്തിലുടെ നീളം പറയുന്നുണ്ടെങ്കിലും വി. മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിലെ അന്ത്യ വിധിയെക്കുറിച്ചുള്ള വാക്യങ്ങൾ പ്രത്യേകം ശ്രദ്ധാർഹമാണ്. കാരുണ്യവാനായ ദൈവം തന്റെ പ്രിയപുത്രനെ ഭൂമിയിലേക്ക് അയച്ചത് കരുണയുടെ സന്ദേശം ജീവിതത്തിലൂടെ നമുക്കു കാണിച്ചുതരാനാണ്. കുഷ്ഠരോഗിയെ സൗഖ്യമാക്കിയപ്പോഴും കുരുടന് കാഴ്ച കൊടുത്തപ്പോഴും പാപിനിയോട് ദയ കാട്ടിയപ്പോഴും സക്കേവൂസിന്റെ അതിഥി ആയപ്പോഴും, കരുണയുടെ സന്ദേശമാണ് നമുക്കു ലഭിച്ചത്.

